PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1964

Monday, the 23rd March 1964.

Vol. XVIII] **OFFICAL REPORT** **[No. 31**

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Monday, the 23rd March 1964 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

പോലീസ് വെരിഫിക്കേഷൻമൂലം നിയമനം ലഭിക്കാതിരുന്നവർ

* 835. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ജനുവരി മുതൽ ഡിസംബർ അവസാനംവരെ പബ്ലിക് സർവ്വീസ് കമ്മിഷൻ ഉദ്യോഗങ്ങളിലേക്ക് തെരഞ്ഞെടുത്തതിനുശേഷം പോലീസ് വെരിഫിക്കേഷൻ മൂലം നിയമനം ലഭിക്കാതിരുന്നവർ എത്ര പേർ ;

(ബി) തിരുവനന്തപുരം ജില്ലയിൽമാത്രം എത്രപേർ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) പൊതുതാല്പര്യത്തെ മുൻനിറുത്തി ഈ വിവരം വെളിപ്പെടുത്താൻ നിവ്വാഹമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : പബ്ലിക് സർവ്വീസ് കമ്മിഷൻ അഡ്വൈസ് ചെയ്തതിൽ പോലീസ് വെരിഫിക്കേഷൻമൂലം എത്രപേക്കാണ് തൊഴിൽ നിഷേധിച്ചിട്ടുള്ളത് ?

ശ്രീ. ആർ. ശങ്കർ : അതാണ് ഞാൻ പറഞ്ഞത് പൊതുതാല്പര്യത്തെ മുൻനിറുത്തി വെളിപ്പെടുത്താൻ നിവ്വാഹമില്ലെന്ന്.

ശ്രീ. ഇ. പി. ഗോപാലൻ : പബ്ലിക് സർവ്വീസ് കമ്മിഷൻ സെലക്ടു ചെയ്ത കഴിഞ്ഞതിനുശേഷം, ജോലിക്ക് അർഹതപ്പെട്ടവർക്ക് സർക്കാർ ഉദ്യോഗം നിഷേധിക്കുന്നതല്ലേ യഥാർത്ഥത്തിൽ പൊതുതാല്പര്യത്തിനു ഹാനികരമായിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : സാധാരണ ഉദ്യോഗത്തിനു് രണ്ടു യോഗ്യതകളും വേണം. ഒന്നു് വിദ്യാഭ്യാസപരമായ യോഗ്യതകളും. രണ്ടു് സ്വഭാവപരമായ യോഗ്യതകളും. വിദ്യാഭ്യാസപരമായ യോഗ്യതകളെപ്പറ്റി പബ്ലിക്കു് സർവ്വീസു് കമ്മിഷൻ അന്വേഷണം നടത്തി നോക്കുന്നതാണു്. അതിൽ വിദ്യാഭ്യാസപരമായ യോഗ്യതകളും ഉണ്ടെന്നു് തെളിഞ്ഞാൽ ഉദ്യോഗത്തിനു് അവരെ അഡ്വൈസു് ചെയ്യും. അതിനുശേഷം സ്വഭാവപരമായ യോഗ്യതകളുണ്ടോ എന്നുള്ളതിനെപ്പറ്റി അന്വേഷിക്കുന്നതിനാണു് പോലീസു് വെരിഫിക്കേഷൻ ഏർപ്പെടുത്തിയിരിക്കുന്നതു്.

ശ്രീ. ഈ. പി. ഗോപാലൻ : ഇങ്ങനെ സ്വഭാവപരമായ യോഗ്യതകളും നോക്കുന്നതു് അതായതു കാലത്തുള്ള ഗവണ്മെന്റുകളെ ആശ്രയിച്ചാണിരിക്കുന്നതുകൊണ്ടു്, അപ്പോഴത്തെ നിലവിലിരിക്കുന്ന ഗവണ്മെന്റിനു് ഇഷ്ടമുള്ളവരുടെ സ്വഭാവം നല്ലതും മറ്റുള്ളവരുടേതു് ദുഃസ്വഭാവവും ആയിരിക്കുമെന്നുള്ള പതിവനുസരിച്ചല്ലേ ഇതു് നിശ്ചയിക്കുന്നതു് ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയൊരു പതിവില്ല.

ശ്രീ. കെ. എം. ജോർജ്ജു് : പി. എസ്. സി. സെലക്റ്റു ചെയ്യുകയോ ഉദ്യോഗത്തിനു് അപേക്ഷിക്കുകയോ ചെയ്തിട്ടുള്ളതിൽ എത്ര പേരുടെ, അല്ലെങ്കിൽ എത്ര ശതമാനം ആളുകളുടെ തൊഴിൽ നിഷേധിക്കപ്പെട്ടിട്ടുണ്ടെന്നു് പറയുമോ ?

ശ്രീ. ആർ. ശങ്കർ : ഒരു ശതമാനത്തിനു് താഴെ മാത്രമേ വരികയുള്ളൂ.

ശ്രീ. പി. ബാലചന്ദ്രമേനോൻ : ഈയിടെ റെയിൽ തൊഴിലാളികളിൽ ചിലരെ സ്വഭാവപരമായ ദൂഷ്യം ഉണ്ടെന്നു് പറഞ്ഞു പിരിച്ചു വിട്ടിട്ടുള്ളതു് തെറ്റാണെന്നു് സുപ്രീം കോടതിയുടെ വിധിയുണ്ടായിട്ടുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആ ഉത്തരവു് അനുസരിച്ചു് ഇതുവരെ ഗവണ്മെന്റിൽനിന്നും നടത്തിയിട്ടുള്ള പോലീസു് വെരിഫിക്കേഷൻ ശരിയാണെന്നാണോ ഗവണ്മെന്റിന്റെ അഭിപ്രായം ?

ശ്രീ. ആർ. ശങ്കർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സുപ്രീം കോർട്ടിലെ വിധിയെപ്പറ്റി പ്രത്യേകമായി അന്വേഷിക്കാതെ എന്തെങ്കിലും പറയാൻ നിവൃത്തിയില്ല. പോലീസു് വെരിഫിക്കേഷൻ എല്ലാം നീതിപൂർവ്വകമായി നടത്തുന്നുവെന്നാണു് ഗവണ്മെന്റിന്റെ വിശ്വാസം.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : നെയ്യാറിൻകര സബ് രജിസ്ട്രാർ ഓഫീസിൽ ക്ലാർക്കായ ഒരു രാമചന്ദ്രൻ നായരെ ഇക്കാരണത്താൽ പിരിച്ചു വിടുകയുണ്ടായി. അതിനെപ്പറ്റി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ പ്രത്യേകമായി അന്വേഷിക്കുമോ ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകമായി പരാതിപ്പെട്ടാൽ അതിനെപ്പറ്റി ഗവണ്മെന്റിൽനിന്നും അന്വേഷിക്കാവുന്നതാണു്.

മലേറിയ സപ്ലയലൻസു് വർക്കേഴ്സു് അസോസിയേഷന്റെ നിവേദനം

*836. [4] †ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സംസ്ഥാനത്തു് മലമ്പനി നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ പൊതുജനാരോഗ്യ വകുപ്പിന്റെ കീഴിൽ ജോലി ചെയ്യുന്നവരെത്ര ;

(ബി) ഇവരുടെ അവശതകളെസംബന്ധിച്ചു മലേറിയ സപ്ലയലൻസു് വർക്കേഴ്സു് അസോസിയേഷൻ എന്തെങ്കിലും നിവേദനം നടത്തിയിട്ടുണ്ടോ ;

† Put by Shri M. C. Abraham.

LIBRARY ARCHIVES Kerala Legislative Assembly